# *MEGA OFFER*

This offer is not from Telecom Companies

This offer is not from Hyper markets

**This offer is from The Lord of the Universe**
**& His Prophet Mohammed (PBUH)**

Date of Draw : The Day of Judgment

| ഓഫറുകൾ ഒറ്റനോട്ടത്തിൽ | |
|---|---|
| 1 | * രണ്ട് സ്വർഗ്ഗത്തോപ്പുകൾ |
| 2 | * സ്വർഗ്ഗത്തിന്റെ ഉന്നതിയിലൊരു ഭവനം |
| 3 | * സ്വർഗ്ഗത്തിന്റെ നടുവിലൊരു ഭവനം |
| 4 | * സ്വർഗ്ഗത്തിന്റെ ചുറ്റിലായി ഒരു ഭവനം |
| 5 | * സ്വർഗ്ഗത്തിലൊരു ഭവനം (വെറും നാലു വചനങ്ങൾ പാരായണം ചെയ്യുന്നതിലൂടെ) |
| 6 | * സ്വർഗ്ഗത്തിലൊരു ഭവനം (സുന്നത്തു നമസ്കാരങ്ങളിലൂടെ) |
| 7 | * സ്വർഗ്ഗത്തിലൊരു ഭവനം (അൽപം സമ്പത്ത് മുടക്കിക്കൊണ്ട്) |
| 8 | * സ്വർഗ്ഗത്തിന്റെ വഴിയിൽ പ്രവേശിക്കാൻ അവസരം |
| 9 | * സ്വർഗ്ഗനിധി കരസ്ഥമാക്കാൻ അവസരം |
| 10 | * സ്വർഗ്ഗസ്ത്രീകളെ വിവാഹം കഴിക്കാൻ അവസരം |
| 11 | * സ്വർഗ്ഗത്തിന്റെ എട്ടു കവാടങ്ങളിലൂടെയും സ്ത്രീക്ക് സ്വാഗതം |
| 12 | * 7000 മലക്കുകളുടെ പ്രാർത്ഥന (കാരുണ്യത്തിന് വേണ്ടി) ലഭിക്കാൻ അവസരം |
| 13 | * പർവ്വതങ്ങൾ കണക്കെ നൻമ |
| 14 | * ഒരു നിസ്കാരത്തിലൂടെ ഒരുലക്ഷം നിസ്കാരത്തിന്റെ പ്രതിഫലം |
| 15 | * രാത്രി കിടന്നുറങ്ങിക്കൊണ്ട് രാത്രി മുഴുവൻ നമസ്കരിച്ച പ്രതിഫലം |
| 16 | * നമസ്കരിക്കാതെ നമസ്കരിച്ച പ്രതിഫലം |
| 17 | * സമ്പത്ത് ഇരട്ടിപ്പിക്കൽ |
| 18 | * ഹജ്ജും ഉംറയും നിർവ്വഹിക്കാതെ അവ രണ്ടും നിർവ്വഹിച്ച പ്രതിഫലം |
| 19 | * ഉംറഃ മാത്രം നിർവ്വഹിച്ച് ഹജ്ജിന്റെ പ്രതിഫലം |
| 20 | * ആറു ദിവസത്തെ നോമ്പിലൂടെ ഒരു വർഷം മുഴുവൻ നോമ്പെടുത്ത പ്രതിഫലം |
| 21 | * നാല്പതു തവണ പാപങ്ങൾ പൊറുത്തു കിട്ടാൻ അവസരം |
| 22 | * ദുനിയാവിനെക്കാളും ദുനിയാവിലുള്ളതിനെക്കാളും പ്രതിഫലം |
| 23 | * കഴിഞ്ഞുപോയ ഒരു വർഷത്തെ പാപങ്ങൾ പൊറുത്തുകിട്ടാൻ അവസരം |
| 24 | * കഴിഞ്ഞു പൊയതും വരാനിരിക്കുന്നതുമായ ഒരു വർഷത്തെ പാപം പൊറുത്തു കിട്ടാൻ |
| 25 | * ലോകത്തുള്ള മുഴുവൻ സത്യവിശ്വാസികളുടെയും നൻമ ലഭിക്കുക |
| 26 | * അന്ത്യനാളിലെ പ്രയാസങ്ങളിൽനിന്ന് രക്ഷ ലഭിക്കുക |
| 27 | * ഖബർ ശിക്ഷയിൽ നിന്ന് മോചനം |
| 28 | * നരകത്തിൽ നിന്ന് എഴുപത് ഖരീഫ് ദൂരത്താകാൻ അവസരം |
| 29 | * ജുമുഅക്ക് പള്ളിയിൽ പോകുന്നതിലൂടെ ഒട്ടകത്തെ ബലി നൽകിയ അവസരം |
| 30 | * 700 ഇരട്ടി / 100 ഇരട്ടി /10 ഇരട്ടി നൻമകൾ |

*** ഓഫറുകളുടെ വിശദാംശങ്ങൾ തുടർന്നു വായിക്കുക.**

| ഓഫറുകളുടെ വിശദാംശം (ഖുർആനിൻെറയും ഹദീസിൻെറയും വെളിച്ചത്തിൽ) | |
|---|---|
| | |
| **1** | *** രണ്ട് സ്വർഗ്ഗത്തോപ്പുകൾ നേടൂ:** |
| | "തൻെറ രക്ഷിതാവിനെ ഭയപ്പെട്ടവന് രണ്ട് സ്വർഗ്ഗത്തോപ്പുകളുണ്ട്". (അർ-റഹ്മാൻ : 46) |
| **2** | *** സ്വർഗ്ഗത്തിൻെറ ഉന്നതിയിലൊരു ഭവനം സ്വന്തമാക്കൂ:** |
| | "സ്വഭാവം നന്നാക്കിയവന് സ്വർഗ്ഗത്തിൻെറ ഉന്നതിയിലൊരു വീടുണ്ടെന്ന് ഞാനിതാ ജാമ്യം നിൽക്കുന്നു" (അബൂദാവൂദ്) |
| **3** | *** സ്വർഗ്ഗത്തിൻെറ നടുവിലൊരു ഭവനം നേടൂ:** |
| | "കളവ് ഉപേക്ഷിക്കുന്നവന് സ്വർഗ്ഗത്തിൻെറ നടുവിലായി ഒരു വീടുണ്ടെന്ന് ഞാനിതാ ജാമ്യം നിൽക്കുന്നു, അവൻ പറയുന്നത് തമാശക്കാണെങ്കിലും" (അബൂദാവൂദ്) |
| **4** | *** സ്വർഗ്ഗത്തിൻെറ ചുറ്റിലായി ഒരു ഭവനം കരസ്ഥമാക്കൂ:** |
| | "തർക്കം ഉപേക്ഷിക്കുനവന് സ്വർഗ്ഗത്തിൻെറ ചുറ്റിലായി ഒരു വീടുണ്ടെന്ന് ഞാനിതാ ജാമ്യം നിൽക്കുന്നു, അവൻ പറയുന്നത് സത്യമാണെങ്കിലും" (അബൂദാവൂദ്) |
| **5** | *** സ്വർഗ്ഗത്തിലൊരു ഭവനം (വെറും നാലു വചനങ്ങൾ പാരായണം ചെയ്യുന്നതിലൂടെ)** |
| | " ആരെങ്കിലും സൂറത്തുൽ ഇഖ്ലാസ്സ് (ഖുൽഹുവല്ലാഹു അഹദ്...) 10 തവണ പാരായണം ചെയ്യുകയാണെങ്കിൽ അവന് അല്ലാഹു സ്വർഗ്ഗത്തിൽ ഒരു വീട് നിർമ്മിച്ചു നൽകുന്നതാണ്" (ദാരിമി) |
| **6** | *** സ്വർഗ്ഗത്തിലൊരു ഭവനം (സുന്നത്തു നമസ്കാരങ്ങളിലൂടെ)** |
| | " ആരെങ്കിലും ഒരു ദിവസം 12 റക്അത്ത് സുന്നത്ത് നമസ്കാരം (റവാത്തിബ്) പതിവാക്കിയാൽ അവന് അല്ലാഹു സ്വർഗ്ഗത്തിലൊരു വീട് നിർമ്മിച്ചു നൽകുന്നതാണ്" (ദാരിമി) |
| **7** | *** സ്വർഗ്ഗത്തിലൊരു ഭവനം (അൽപം സമ്പത്ത് മുടക്കിക്കൊണ്ട്)** |
| | "അല്ലാഹുവിനെ സ്മരിക്കാൻ വേണ്ടി ആരെങ്കിലും ഒരു പള്ളി നിർമ്മിക്കുകയാണെങ്കിൽ അവന് അതുപോലെ സ്വർഗ്ഗത്തിലൊരു വീട് അല്ലാഹു നിർമ്മിച്ച് നൽകുന്നതാണ്" (മുസ്ലിം) |
| **8** | *** സ്വർഗ്ഗത്തിൻെറ വഴിയിൽ പ്രവേശിക്കാൻ അവസരം** |
| | "ആരെങ്കിലും വിജ്ഞാനം അന്വേഷിച്ച് ഒരു വഴിയിൽ പ്രവേശിക്കുകയാണെങ്കിൽ അല്ലാഹു അവനെ സ്വർഗ്ഗത്തിൻെറ പാന്ഥാവിൽ പ്രവേശിപ്പിക്കുന്നതാണ്" (മുസ്ലിം) |
| **9** | *** സ്വർഗ്ഗനിധി കരസ്ഥമാക്കാൻ അവസരം** |
| | " 'ലാ ഹൗല വലാ ഖുവ്വത ഇല്ലാ ബില്ലാ' സ്വർഗ്ഗ നിധിയാകുന്നു ". (ബുഖാരി) |
| **10** | *** സ്വർഗ്ഗസ്ത്രീകളെ വിവാഹം കഴിക്കാൻ അവസരം** |
| | "താനുദ്ദേശിച്ചത് ചെയ്യുവാൻ കഴിവുണ്ടായിരിക്കെ തൻെറ കോപത്തെ ആരെങ്കിലും അടക്കി വെക്കുകയാണെങ്കിൽ അവസാനനാളിൽ അവനെ അല്ലാഹു തൻെറ സൃഷ്ടികൾക്കിടയിൽ വെച്ച് വിളിക്കുകയും സ്വർഗ്ഗസ്ത്രീകളെ കാണിച്ചുകൊടുത്ത് ഇഷ്ടമുള്ളവരെ വിവാഹം കഴിക്കുവാൻ അവസരം നൽകുകയും ചെയ്യുന്നതാണ്". (തിർമിദി)<br>(പുരുഷൻമാർക്ക് മാത്രമുള്ള special offer ആണ്. സ്വർഗ്ഗ സ്ത്രീകളെ അല്ലാഹു പ്രത്യേക പ്രകൃതിയോടെ സ്ഷ്ടിച്ചതാണെന്നോർക്കുക. (refer 56:35) |
| **11** | *** സ്വർഗ്ഗത്തിൻെറ എട്ടു കവാടങ്ങളിലൂടെയും സ്ത്രീക്ക് സ്വാഗതം** |
| | "ഒരു സ്ത്രീ അവളുടെ മേൽ (നിർബന്ധമായ) അഞ്ചു നമസ്കാരങ്ങൾ നമസ്കരിക്കുകയും, അവളുടെ (റമളാൻ) മാസത്തിൽ നോമ്പെടുക്കുകയും, അവളുടെ ഗുഹ്യാവയവം സൂക്ഷിക്കുകയും, തൻെറ ഭർത്താവിനെ അനുസരിക്കുകയും ചെയ്താൽ അവളോട് പറയപ്പെടും: സ്വർഗ്ഗീയകവാടങ്ങളിൽ നീ ഉദ്ദേശിക്കുന്നതിലൂടെ സ്വർഗ്ഗത്തിൽ പ്രവേശിക്കുക" (മുസ്നദ് അഹ്മദ്. അൽബാനി(റഹി) ഈ ഹദീസിനെ സ്വഹീഹ് എന്ന് വിശേഷിപ്പിച്ചു).<br>(സഹോദരിമാർ പ്രത്യേകം ശ്രദ്ധിക്കുക, സ്ത്രീകൾക്ക് മാത്രമുള്ള അതിമഹത്തായ special offer ആണ്) |

| | |
|---|---|
| 12 | *** 7000 മലക്കുകളുടെ പ്രാർത്ഥന (കാരുണ്യത്തിന് വേണ്ടി) ലഭിക്കാൻ ഭാഗ്യം നേടൂ:** |
| | "ഒരു മുസ്ലിമും മറ്റൊരു മുസ്ലിമിനെ രോഗസന്ദർശനം നടത്തുന്നില്ല, വൈകുന്നേരം വരെ 7000 മലക്കുകൾ അവന് കാരുണ്യത്തിനായി പ്രാർത്ഥിക്കാതെ. വൈകുന്നേര സമയത്താണ് അയാൾ മുസ്ലിമിനെ രോഗസന്ദർശനം നടത്തുന്നതെങ്കിൽ 7000 മലക്കുകൾ പ്രഭാതം വരെ അവന് കാരുണ്യത്തിനായി പ്രാർത്ഥിക്കുന്നതാണ്, സ്വർഗ്ഗത്തിൽ അവന് പറിക്കപ്പെട്ട ഒരു കനിയുമുണ്ട്". (സുനനുത്തിർമിദി. അൽബാനി(റഹി) ഈ ഹദീസിനെ സ്വഹീഹ് എന്ന് വിശേഷിപ്പിച്ചു) |
| 13 | *** പർവ്വതങ്ങൾ കണക്കെ നൻമ കരസ്ഥമാക്കൂ:** |
| | "വിശ്വാസത്തോടെ പ്രതിഫലേച്ഛയോടെ ഒരാൾ ഒരു മുസ്ലിമിൻെറ ജനാസയെ പിൻപറ്റുകയും അദ്ദേഹത്തിന് വേണ്ടി നമസ്കരിച്ച് മയ്യിത്ത് മറമാടുകയും ചെയ്തതിന് ശേഷം മടങ്ങുകയാണെങ്കിൽ അവൻ രണ്ട് ഖീറാത്ത് പ്രതിഫലവുമായിട്ടാണ് മടങ്ങുന്നത്. ഓരോ ഖീറാത്തും ഉഹുദ് മല പോലെയാണ്. ആരെങ്കിലും മയ്യിത്ത് നമസ്കാരം കഴിഞ്ഞ് മടങ്ങുകയാണെങ്കിൽ അവൻ ഒരു ഖീറാത്തുമായാണ് മടങ്ങുന്നത്." (തിർമിദി) |
| 14 | *** ഒരു നിസ്കാരത്തിലൂടെ ഒരുലക്ഷം നിസ്കാരത്തിൻെറ പ്രതിഫലം നേടൂ:** |
| | "മസ്ജിദുൽഹറമിലെ ഒരു നമസ്കാരം ഒരു ലക്ഷം നമസ്കാരത്തിന് തുല്യമാണ്". (ത്വബറാനി) |
| 15 | *** രാത്രി കിടന്നുറങ്ങിക്കൊണ്ട് രാത്രി മുഴുവൻ നമസ്കരിച്ച പ്രതിഫലം നേടൂ:** |
| | "ആരെങ്കിലും ഇശാഅ് ജമാഅത്തായി നമസ്കരിക്കുകയാണെങ്കിൽ അവൻ പകുതി രാത്രി നിന്ന് നമസ്കരിച്ചവനെപ്പോലെയാണ്, ആരെങ്കിലും സുബഹി ജമാഅത്തായി നമസ്കരി ക്കുകയാണെങ്കിൽ അവൻ രാത്രി മുഴുവൻ നമസ്കരിച്ചവനെപ്പോലെയാണ്". (മുസ്ലിം) |
| 16 | *** നമസ്കരിക്കാതെ നമസ്കരിച്ച പ്രതിഫലം കരസ്ഥമാക്കൂ:** |
| | "ഒരാൾ വുളൂ എടുത്തുകൊണ്ട് നമസ്കാരത്തിനായി പള്ളിയിലേക്ക് പുറപ്പെട്ട് പള്ളിയിൽ പ്രവേശിച്ച് നമസ്കാരത്തിനായി കാത്തിരുന്നാൽ ആ സമയമത്രയും അയാൾ നമസ്കരിച്ചതു പോലെയാണ്".(മുസ്ലിം) |
| 17 | *** സമ്പത്ത് ഇരട്ടിയാക്കാൻ അവസരം നേടൂ:** |
| | "ആരുണ്ട് അല്ലാഹുവിന് ഒരു നല്ല കടം കൊടുക്കുവാൻ. എങ്കിൽ അവനത് അയാൾക്കുവേണ്ടി ഇരട്ടിപ്പിക്കുന്നതാണ്". (സൂ: ഹദീദ് : 11) |
| 18 | *** ഹജ്ജും ഉംറയും നിർവ്വഹിക്കാതെ അവ രണ്ടും നിർവ്വഹിച്ച പ്രതിഫലം നേടൂ:** |
| | " ആരെങ്കിലും ഫജ്ർ നമസ്കാരം ജമാഅത്തായി നമസ്കരിക്കുകയും തുടർന്ന് അവിടെത്തന്നെ സൂര്യോദയം വരെ അല്ലാഹുവിനെ സ്മരിച്ചു കൊണ്ടിരിക്കുകയും എന്നിട്ട് രണ്ടു റക്അത്ത് നമസ്കരിക്കുകയും ചെയ്താൽ അവർക്ക് ഹജ്ജും ഉംറയും നിർവ്വഹിച്ച പ്രതിഫലമുണ്ട്". (സുനനു തിർമിദി, No: 586) |
| 19 | *** ഉംറഃ മാത്രം നിർവ്വഹിച്ച് ഹജ്ജിൻെറ പ്രതിഫലം കരസ്ഥമാക്കൂ:** |
| | "റമളാനിലുള്ള ഉംറ ഹജ്ജിന് തുല്യമാകുന്നു; അല്ലെങ്കിൽ എന്നോടൊപ്പമുള്ള ഹജ്ജിന് തുല്യമാകുന്നു". (മുസ്ലിം) |
| 20 | *** ആറു ദിവസത്തെ നോമ്പിലൂടെ ഒരു വർഷം മുഴുവൻ നോമ്പെടുത്ത പ്രതിഫലം നേടൂ:** |
| | "ഏതൊരാൾ റമളാനിൽ നോമ്പെടുക്കുകയും തുടർന്ന് ശവ്വാലിൽ ആറു ദിവസം നോമ്പെടുക്കുകയും ചെയ്താൽ അയാൾ ആ വർഷം മുഴുവൻ നോമ്പെടുത്തത് പോലെയാണ്" (മുസ്ലിം, അബൂദാവൂദ്, തിർമിദി, നസാഈ, ഇബ്നുമാജ) |
| 21 | *** നാല്പതു തവണ പാപങ്ങൾ പൊറുത്തു കിട്ടാൻ അവസരം ലഭിക്കൂ** |
| | "ഒരാൾ ഒരു മയ്യിത്തിനെ കുളിപ്പിക്കുകയും (അതിൽ കണ്ട ന്യൂനതകൾ) മറച്ചുവെക്കുകയും ചെയ്താൽ അല്ലാഹു നാല്പതു തവണ അയാൾക്ക് പൊറുത്തു കൊടുക്കും" (Ref: "മരണവും ബർസഖീ ജിവിതവും"page 108/109) |
| 22 | *** ദുനിയാവിനെക്കാളും ദുനിയാവിലുള്ളതിനെക്കാളും പ്രതിഫലം നേടൂ:** |
| | "ആരെങ്കിലും ഒരു രാത്രി 10 ആയത്തുകൾ ഓതിയാൽ അവന് ഒരു ക്വിൻത്വാർ രേഖപ്പെടുത്തും. ക്വിൻത്വാർ എന്നാൽ എന്താണെന്നാൽ അത് ദുനിയാവിനെക്കാളും അതിലുള്ളതിനെക്കാളും ഉത്തമമാണ്" |

| | |
|---|---|
| | (ത്വബറാനി) (അൽബാനി(റഹി) ഈ ഹദീസിനെ സ്വഹീഹ് എന്ന് വിശേഷിപ്പിച്ചു) |
| **23** | *** കഴിഞ്ഞുപോയ ഒരു വർഷത്തെ പാപങ്ങൾ പൊറുത്തുകിട്ടാൻ അവസരം ലഭിക്കൂ:** |
| | "ആശൂറാ (മുഹറം 10) നോമ്പ് കാരണത്താൽ കഴിഞ്ഞുപോയ ഒരു വർഷത്തെ പാപങ്ങൾ പൊറുക്കപ്പെടും" (മുസ്ലിം, അഹ്മദ്, ഇബ്നുമാജ, നസാഈ) |
| **24** | *** കഴിഞ്ഞു പൊയതും വരാനിരിക്കുന്നതുമായ ഒരു വർഷത്തെ പാപം പൊറുത്തു കിട്ടാൻ** |
| | "അറഫാ ദിനത്തിലെ നോമ്പ് രണ്ടു വർഷത്തെ പാപം പൊറുക്കാൻ കാരണമാകും, കഴിഞ്ഞുപോയ വർഷത്തെയും വരാനിരിക്കുന്ന വർഷത്തെയും"(മുസ്ലിം, അഹ്മദ്, ഇബ്നുമാജ, നസാഈ) |
| **25** | *** ലോകത്തുള്ള മുഴുവൻ സത്യവിശ്വാസികളുടെയും നൻമ കരസ്ഥമാക്കൂ:** |
| | "ആരെങ്കിലും സത്യവിശ്വാസികൾക്കും സത്യവിശ്വാസിനികൾക്കും വേണ്ടി പാപമോചനം നടത്തുകയാണെങ്കിൽ അവന് അല്ലാഹു ഓരോ വിശ്വാസിക്കും വിശ്വാസിനിക്കും അനുസരിച്ച് നൻമ രേഖപ്പെടുത്തുന്നതാണ്" (Ref: "നൻമയിലേക്ക് ധൃതിപ്പെടുക"article) |
| **26** | *** അന്ത്യനാളിലെ പ്രയാസങ്ങളിൽനിന്ന് രക്ഷ ലഭിക്കൂ:** |
| | "അല്ലാഹു ആരെയെങ്കിലും അന്ത്യനാളിലെ പ്രയാസങ്ങളിൽനിന്ന് രക്ഷപ്പെടുത്തുന്നത് സന്തോഷിപ്പിക്കുന്നുവെങ്കിൽ അവൻ (കടം വാങ്ങിയ) ഞെരുക്കക്കാരന് ആശ്വാസം നൽകട്ടെ, അല്ലെങ്കിൽ കടം വിട്ടുകൊടുകട്ടെ" (മുസ്ലിം) |
| **27** | *** ഖബർ ശിക്ഷയിൽ നിന്ന് മോചനം നേടൂ:** |
| | "ആരെങ്കിലും സൂറത്തുൽ മുൽക് (തബാറകല്ലദീ ബിയദിഹിൽമുൽകു...) എല്ലാ രാത്രിയിലും പാരായണം ചെയ്താൽ അല്ലാഹു അയാളെ ഖബർ ശിക്ഷയിൽ നിന്ന് സംരക്ഷിക്കും (നസാഈ6/179) (അൽബാനി(റഹി) ഈ ഹദീസിനെ സ്വഹീഹ് എന്ന് വിശേഷിപ്പിച്ചു) |
| **28** | *** നരകത്തിൽ നിന്ന് എഴുപത് ഖരീഫ് ദൂരത്താകാൻ അവസരം ലഭിക്കൂ:** |
| | "ആരെങ്കിലും അല്ലാഹുവിൻെറ മാർഗ്ഗത്തിൽ ഒരു ദിവസം നോമ്പനുഷ്ടിക്കുകയാണെങ്കിൽ അതുമുഖേന അല്ലാഹു അവൻെറ മുഖത്തെ എഴുപത് ഖരീഫ് നരകത്തിൽ നിന്നും അകറ്റുന്നതാണ്" (ബുഖാരി) |
| **29** | *** ജുമുഅക്ക് പള്ളിയിൽ പോകുന്നതിലൂടെ ഒട്ടകത്തെ ബലി നൽകിയ പ്രതിഫലം നേടൂ:** |
| | "ആരെങ്കിലും വെള്ളിയാഴ്ച ജനാബത്തുകാരൻേറതു പോലുള്ള കുളി കുളിക്കുകയും നമസ്കാരത്തിനായി ആദ്യത്തെ നാഴികയിൽ പോകുകയും ചെയ്താൽ അയാൾ (അല്ലാഹുവിൻെറ മാർഗ്ഗത്ത ൽ) ഒരു ഒട്ടകത്തെ ബലി നൽകിയതു പോലെയാണ്" (സ്വഹീഹ് ബുഖാരി) |
| **30** | *** 700 നൻമ കരസ്ഥമാക്കൂ:** |
| (a) | "അല്ലാഹുവിൻെറ മാർഗ്ഗത്തിൽ തങ്ങളുടെ ധനം ചിലവഴിക്കുന്നവരെ ഉപമിക്കാവുന്നത് ഒരു ധാന്യമണിയോടാകുന്നു. അത് ഏഴ് കതിരുകൾ ഉൽപാദിപ്പിച്ചു, ഓരോ കതിരിലും100 ധാന്യമണിയും" (അൽ ബഖറ : 261) |
| **30** | *** 100 നൻമ ഒറ്റയടിക്ക് കരസ്ഥമാക്കൂ** |
| (b) | "ആരെങ്കിലും ഒറ്റയടിക്ക് ഒരു പല്ലിയെ കൊല്ലുകയാണെങ്കിൽ അവന് 100 നൻമയുണ്ട്"(മുസ്ലിം, അഹ്മദ്, ഇബ്നുമാജ) |
| | |
| **30** | *** 10 നൻമ ലഭിക്കാൻ അവസരം നേടൂ:** |
| (c) | "ആരെങ്കിലും അല്ലാഹുവിൻെറ ഗ്രന്ഥത്തിൽനിന്ന് ഒരക്ഷരം പാരായണം ചെയ്താൽ അവന് എല്ലാ അക്ഷരങ്ങൾക്കും പത്ത് നൻമയുണ്ട്" (തിർമിദി) |

**= വർദ്ധിച്ച നൻമകൾകൊണ്ട് ചുറ്റിപ്പൊതിഞ്ഞ് സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കപ്പെടുന്ന മഹാഭാഗ്യവാൻമാരുടെ കൂട്ടത്തിൽ അല്ലാഹു നമ്മെ ഉൾപ്പെടുത്തുമാറാകട്ടെ എന്ന പ്രാർത്ഥനയോടെ.**